**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 148**
**- 30.11.2015-ന് മറുപടി**
**നൽകേണ്ടിയിരുന്നത്**

## കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും എടുത്ത ലോൺ

| | ചോദ്യം | മറുപടി |
|---|---|---|
| | ഡോ. കെ.ടി.ജലീൽ | ബഹു.മുഖ്യമന്ത്രി |
| എ. | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോൺ ഇനത്തിൽ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ലോൺ ഇനത്തിൽ 3270.07 കോടി രൂപ വിവിധ സംരംഭങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. |
| ബി. | ഇതിൽ 25 ലക്ഷമോ അതിന് മുകളിലോ ഉള്ള തുക വായ്പയായി അനുവദിക്കപ്പെട്ടവരുണ്ടോ; എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ ; | ഈ കാലയളവിൽ 25 ലക്ഷം രൂപയ്ക്ക് മുകളിൽ അനുവദിച്ച വായ്പയുടെ വിശദവിവരം അനുബന്ധം I ആയി ഇതോടൊപ്പം വയ്ക്കുന്നു. ഈയിനത്തിൽ 2960.41 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. |
| സി. | പ്രസ്തുത കാലയളവിൽ വൺടൈം സെറ്റിൽമെന്റ് പ്രകാരം ലോണുകൾ അടച്ചുതീർത്തിട്ടുണ്ടോ ആരെല്ലാം ; എത്ര തുക വീതം അടച്ചിട്ടുണ്ട് ; വിശദമാക്കാമോ ; | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൺടൈം സെറ്റിൽമെന്റ് പ്രകാരം അടച്ചു തീർത്ത വായ്പകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

| | | |
|---|---|---|
| ഡി. | ലോൺ തുക തിരിച്ചടവിൽ വലിയതുക കടിശ്ശിക വന്ന ഏതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ പ്രസ്തുത തുക ഇളവ് ചെയ്തു നൽകിക്കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ എങ്കിൽ ആർക്കെല്ലാം എത്ര തുക വീതമെന്ന് വിശദമാക്കാമോ? | വായ്പാ തിരിച്ചടവിൽ വലിയ തുക കടിശ്ശിക വന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രസ്തുത തുക മൊത്തമായി ഇളവ് ചെയ്തു നൽകി വായ്പ തീർക്കാൻ ഉത്തരവ് നൽകിയിട്ടില്ല. കാലാകാലങ്ങളിൽ കോർപ്പറേഷനിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് ഇളവുകൾ നല്കുന്നത്. അങ്ങനെ ഇളവുകൾ നൽകിയ സ്ഥാപനങ്ങളും/ വ്യക്തികളും വായ്പ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി / കോംപ്രമൈസ് സെറ്റിൽമെന്റ് മുഖേന അടച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധം II ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ